പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 548** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>വൈദ്യുതി നിയന്ത്രണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വിഷ്ണു മോഹൻ

ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. വി. കുഞ്ഞികൃഷ്ണൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സണ്ണി ജോസഫ്

(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്ന സാഹചര്യം വിശദമാക്കാമോ;

**<u>മറുപടി:</u>** മഴയിലുണ്ടായ കുറവ് മൂലവും എൽനിനോ പ്രതിഭാസം നിമിത്തം കാലാവസ്ഥയിലുണ്ടായ വ്യതിയാനം മൂലവും അന്തരീക്ഷ താപനില ഉയർന്നത് വൈദ്യുതിയുടെ ഉപഭോഗം സാരമായി വർധിക്കാൻ കാരണമായി. 2026 ഏപ്രിൽ 13-ന് ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് പ്രസിദ്ധീകരിച്ച ദീർഘകാല മൺസൂൺ പ്രവചനത്തിൽ (Long Range Forecast) രാജ്യത്ത് തെക്കുപടിഞ്ഞാറൻ മൺസൂൺ മഴ ദീർഘകാല ശരാശരിയുടെ (LPA- Long Period Average) 92% ലഭിക്കുമെന്നാണ് വിലയിരുത്തിയിരുന്നത്.

എന്നിരുന്നാലും, യഥാർത്ഥത്തിൽ ലഭിച്ച മഴ IMD പ്രവചനത്തേക്കാൾ ഗണ്യമായി കുറവായിരുന്നു. ഇതുവരെ ലഭിച്ച മഴ ദീർഘകാല ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ ഏകദേശം 72% മാത്രമാണ്. അതായത്, സാധാരണ പ്രതീക്ഷിക്കുന്നതിനേക്കാൾ ഏകദേശം 28% കുറവ് മഴയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കെ.എസ്.ഇ.ബി-യുടെ മുഖ്യ ജലസംഭരണികൾ ഉൾക്കൊള്ളുന്ന ഇടുക്കി ജില്ലയിൽ 56% കുറവ് മഴയാണ് ലഭിച്ചത്.

2026-27 ലെ സാഹചര്യം രൂപപ്പെട്ടതിൽ മഴക്കുറവ് ഒരു പ്രധാന ഘടകമായിരുന്നുവെങ്കിലും അതുമാത്രമല്ല കാരണം; രാജ്യവ്യാപകമായ വൈദ്യുതി ആവശ്യകതയിലെ വർധന, കൽക്കരിയിലെ ലഭ്യതക്കുറവ് തന്മൂലം താപ വൈദ്യുതിയിലുണ്ടായ കുറവ്, മഴകുറവ് മൂലം ജലവൈദ്യുതിയിലുണ്ടായ ലഭ്യത കുറവ് പീക്ക് സമയത്തെ വൈദ്യുതി ലഭ്യതക്കുറവ്, ഹ്രസ്വകാല കരാറുകളുടെ ലഭ്യതക്കുറവ് തുടങ്ങിയ ഘടകങ്ങളും ഇതിനെ സ്വാധീനിച്ചിട്ടുണ്ട്.

കേരളത്തിലെ ഉപഭോഗം, പ്രത്യേകിച്ച് രാത്രി സമയങ്ങളിൽ, പ്രധാനമായും ഡൊമസ്റ്റിക് ലോഡിനെ ആശ്രയിച്ചാണ്. മഴ ലഭ്യത കുറയുന്ന ദിവസങ്ങളിൽ കൂളിംഗ് ലോഡ് കൂടുന്നത് കാരണം രാത്രി സമയങ്ങളിലെ വൈദ്യുതി ഉപഭോഗം അസാധാരണമായി കൂടുന്നു. വർധിച്ച വരുന്ന ഇലക്ട്രിക്ക് വെഹിക്കിളിന്റെ ചാർജിങ്ങും ഇൻഡക്ഷൻ കുക്കറുകളുടെ ഉപയോഗവും ഉപഭോഗം കൂടുന്നതിന് കരണമായിച്ചുട്ടുണ്ട് പുരപ്പുറ സോളാർ ഉൽപ്പാദനം പകൽ സമയത്ത് കൂടുന്നത് രാത്രി കാലങ്ങളിൽ ഗ്രിഡിൽ നിന്നുള്ള ഉപഭോഗം വർധിക്കുന്നതിന് കാരണമായിട്ടുണ്ട്.

**(ബി)** ആകെ ആവശ്യമുള്ള വൈദ്യുതിയുടെ എത്ര ശതമാനമാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ കണക്കുകൾ വെച്ച് ആവശ്യമുള്ളതിന്റെ ഏകദേശം 29% വൈദ്യുതിയാണ് സംസ്ഥാനത്തു ഉൽപ്പാദിപ്പിച്ചത്.

**(സി)** സംസ്ഥാനത്തെ വൈദ്യുതി ദൗർലഭ്യം പരിഹരിക്കുന്നതിനായി ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദീകരിക്കാമോ?

**മറുപടി:** വിൻഡ് മേഖലയിൽ, 300 മെഗാവാട്ടിന്റെ Wind Energy പദ്ധതികൾ, IPP മോഡലിൽ വിൻഡ് ഡെവലപ്പർ സ്വയം കണ്ടെത്തുന്ന സ്ഥലത്തു നടപ്പിലാക്കാൻ RFS (Request for Selection)/ടെൻഡർ വിളിക്കാനുള്ള തീരുമാനം കെ.എസ്.ഇ.ബി ലിമിറ്റഡ് 26.12.2024-ൽ എടുക്കുകയും, തുടർന്ന് 10.06.2026 ൽ RFS വിളിക്കുതിനുള്ള അപ്രൂവൽ കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC)-യിൽ നിന്ന് ലഭിക്കുകയും ചെയ്തു. തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്. അതുപോലെ തന്നെ, കാറ്റിന്റെ ശക്തി താരതമ്യേന കൂടുതൽ ഉള്ള രാമക്കൽമേട്, പാപ്പൻപാറ, മാൻകുത്തിമേട്, അഗളി, പൊന്മുടി മുതലായ സ്ഥലങ്ങളിലെ റവന്യൂ ഭൂമി / ഉപയോഗ ശൂന്യമായ ഭൂമി / പട്ടിക വർഗ്ഗ ഭൂമി എന്നിവയിൽ നിന്നും 350 മെഗാവാട്ടിന്റെ wind energy പദ്ധതികൾ, IPP മോഡലിൽ നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികൾ 2025-ൽ തുടക്കമിട്ടു.

അത്യാധുനിക സാങ്കേതിക വിദ്യാധിഷ്ഠിതമായ 500 മെഗാവാട്ട് (1500 Mwh) ബാറ്ററി സ്റ്റോറേജ് പദ്ധതികൾ കേരളത്തിൽ നടപ്പാക്കി വരുന്നു.

സംസ്ഥാനത്തെ വർധിച്ചുവരുന്ന വൈദ്യുതി ആവശ്യകത കണക്കിലെടുത്ത്, ആവശ്യമായ വൈദ്യുതി ലഭ്യത ഉറപ്പു വരുത്തുന്നതിനുമായി വിവിധ ഹ്രസ്വകാല, മധ്യകാല, ദീർഘകാല ടെൻഡറുകൾ കെ.എസ്.ഇ.ബി ലിമിറ്റഡ് ചെയ്തു വരുന്നു.

എൽ നിനോ മൂലം മൺസൂൺ ലഭ്യതയിലുണ്ടായ കുറവും ജലസംഭരണികളിലേക്കുള്ള നീരൊഴുക്ക് കുറഞ്ഞതിനെത്തുടർന്ന് സംസ്ഥാനത്തെ ജലവൈദ്യുതി ഉല്പാദനത്തിൽ വന്ന കുറവും കണക്കിലെടുത്ത്, അധിക വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി വരും മാസങ്ങളിലേക്കുള്ള അധിക ആവശ്യകത നിറവേറ്റാനായി ഹ്രസ്വകാല വൈദ്യുതി വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുകയാണ്.

2026 ഒക്ടോബർ മാസത്തിലെ പീക്ക് ആവശ്യകത നിറവേറ്റുന്നതിനായി 200 മെഗാവാട്ട് വരെ കാറ്റാടി വൈദ്യുതിയും, മുഴുവൻ സമയ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി ഹിമാചൽ പ്രദേശിൽ നിന്ന് 900 മെഗാവാട്ട് വരെ വൈദ്യുതിയും നിലവിൽ ലഭിച്ചു വരുന്നുണ്ട്.

സംസ്ഥാനത്തിന്റെ ഭാവിയിലെ ഊർജ്ജ അവശ്യം കണക്കിൽ എടുത്ത് കെ.എസ്.ഇ.ബി ലിമിറ്റഡ് നിലവിൽ ഉള്ള കരാറുകൾക്കു പുറമേ ഏർപ്പെട്ടിട്ടുള്ള ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| **ദീർഘ കാല കരാറുകൾ** | **സ്രോതസ്സ്** | **ശേഷി മെഗാവാട്ടിൽ / മെഗാവാട്ടാവറിൽ** | **വൈദ്യുതി ലഭ്യമാവുന്ന വർഷം / തീയതി** |
|---|---|---|---|
| SECI FDRE Tranche XV | ബാറ്ററി സ്റ്റോറേജ് + സോളാർ | 500 MW / 250 MW × 2മണിക്കൂർ | 01.03.2027 |

| | | | |
|---|---|---|---|
| SECI FDRE Tranche XX | ബാറ്ററി സ്റ്റോറേജ് + സോളാർ | 200 MW / 100 MW × 4മണിക്കൂർ | 01.03.2028 |
| BESPA – Shreyas LFP | ബാറ്ററി സ്റ്റോറേജ് | 250 MW × 2മണിക്കൂർ | 01.03.2028 |
| SECI BESSA – Mylatty | ബാറ്ററി സ്റ്റോറേജ് | 125 MW × 4മണിക്കൂർ | 2026 |
| NHPC BESSA – 4പദ്ധതികൾ | ബാറ്ററി സ്റ്റോറേജ് | ആകെ 125 MW × 4മണിക്കൂർ | 01.01.2027 |
| NLC Talabira | താപം | 400 MW | 2030 |
| West Kallada Floating Solar | സോളാർ | 50 MW | ഫെബ്രുവരി 2027 |
| SECI Wind Tranche XX | കാറ്റാടി | 255 MW | ഡിസംബർ 2028 |
| SECI BESS FDRE IX (Peak) | ബാറ്ററി സ്റ്റോറേജ് | 300 MW x 4മണിക്കൂർ | ഏപ്രിൽ 2028 |

ഇതിനു പുറമെ, NTPC-യുടെ സിന്നാർ താപനിലയം, മഹാരാഷ്ട്രയിലെ ചന്ദ്രപുരാ താപനിലയം, ഭാവിനി ആണവ നിലയം എന്നിവിടങ്ങളിൽനിന്ന് ദീർഘകാല അടിസ്ഥാനത്തിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. കൂടാതെ കേന്ദ്ര ഗവണ്മെന്റിന്റെ SHAKTI പോളിസി B(iv) പ്രകാരം 500 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ദീർഘകാല ടെൻഡർ നടപടികളും പുരോഗമിക്കുകയാണ്.

സംസ്ഥാനത്തെ വൈദ്യുതി ദൗർലഭ്യം പരിഹരിക്കുന്ന തിനായി  ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുക എന്ന് ലക്ഷ്യമിട്ടുകൊണ്ട് കെ.എസ്.ഇ.ബി വിവിധ ജല വൈദ്യുത പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൽ ചെറുകിട/വൻകിട ജല വൈദ്യുത പദ്ധതികൾ, പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ, സൗരോർജ്ജ, കാറ്റോർജ്ജ പദ്ധതികൾ, ബാറ്ററി എനർജി സ്റ്റോറേജ് പദ്ധതികൾ എന്നിവ ഉൾപ്പെടുന്നു.

ഗ്രിഡ് ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിന് പുറത്തുനിന്നുള്ള വൈദ്യുതി കൈമാറ്റ ശേഷി (Power Transfer Capacity) വർദ്ധിപ്പിക്കുന്നതിനായി 400 kV കരിന്തളം സബ്സ്റ്റേഷൻ ഈ വർഷം ഡിസംബർ മാസത്തോടെ പ്രവർത്തനസജ്ജമാകും. ഇതിലൂടെ സംസ്ഥാനത്തേക്കുള്ള വൈദ്യുതി ഇറക്കുമതി ശേഷി ഗണ്യമായി വർദ്ധിക്കുകയും ഗ്രിഡ്ഡിന്റെ സുരക്ഷയും പ്രവർത്തനക്ഷമതയും മെച്ചപ്പെടുകയും ചെയ്യും. ഈ പദ്ധതികൾ പ്രവർത്തനസജ്ജമാകുന്നതോടെ പീക്ക് സമയത്തെ വൈദ്യുതി ആവശ്യകത കൂടുതൽ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും ഗ്രിഡ്ഡിന്റെ പ്രവർത്തന സ്ഥിരത മെച്ചപ്പെടുത്തുന്നതിനും സാധ്യമാകും.

**സെക്ഷൻ ഓഫീസർ**